# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi




## സിറ്റി കൗമുദിയിൽ

- പഞ്ചഭൂതങ്ങളെ സാക്ഷിയാക്കി
- ഹരിത ചട്ടം പാളി; പ്ലാസ്റ്റിക് കവറും പ്ലേറ്റും സുലഭം
- മാതൃകയായി ഈ യുവാക്കൾ

### പേട്ട ശ്രീ ബാലസുബ്രഹ്മണ്യ സ്വാമിക്ഷേത്രം

തിരുവനന്തപുരം : പേട്ട ശ്രീ ബാലസുബ്രഹ്മണ്യ സ്വാമിക്ഷേത്രത്തിലെ വൈശാഖ കാവടി മഹോത്സവം 23 ന് തുടങ്ങി 25 ന് സമാപിക്കും. 23 ന് രാവിലെ 6 ന് മഹാഗണപതിഹോമം, 8 ന് തൃക്കൊടിയേറ്റ്, 11.30 ന് സമൂഹസദ്യ, വൈകിട്ട് 7.30 ന് ഉമാമഹേശ്വര പൂജ, തൃക്കല്യാണം, രാത്രി 8.30 ന് ലഘുഭക്ഷണം. 24 ന് രാവിലെ 8 ന് സുദർശനഹോമം, 9 ന് നാഗരൂട്ട്, 11.30 ന് അന്നദാനം, രാത്രി 8 ന് പുഷ്പാഭിഷേകം, 9.30 ന് അൻപൊലിഷ്പറ, 25 ന് രാവിലെ 9 ന് കലശപൂജ, 10.35 ന് പൊങ്കാല, 12.30 ന് കഞ്ഞിസദ്യ, വൈകിട്ട് 7 ന് കാവടിയെഴുന്നള്ളത്ത്.

### പുലിയൂർക്കോട് ശ്രീകൃഷ്ണസ്വാമി ക്ഷേത്രം

ശ്രീകാര്യം: പുലിയൂർക്കോട് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ തൃക്കൊടിയേറ്റ് മഹോത്സവം ഇന്ന് ആരംഭിച്ച് 28ന് സമാപിക്കും. ഇന്ന് രാവിലെ 5 ന് വാകചാർത്ത്. 5.30ന് ഗണപതി ഹോമം. രാത്രി 7നും 8.30 നും ഇടയ്ക്ക് തൃക്കൊടിയേറ്റ്. 22 ന് രാവിലെ 7.30 ന് ശ്രീഭൂതബലി. രാത്രി 9 ന് നാടകം.23 ന് രാവിലെ 8.30 ന് നാരായണീയപാരായണം. 24 ന് രാവിലെ 8.30 ന് ശ്രീമദ് ഭാഗവത പാരായണവും പ്രഭാഷണവും. വൈകുന്നേരം 5.15 ന് ഭജന. 6.30 ന് തൃത്തായംബക. 25 ന് രാവിലെ 8.30ന് ഉത്സവബലി. രാത്രി 9 ന് കഥകളി. 26 ന് വൈകുന്നേരം 6.45 ന് ശയനപ്രദക്ഷിണം. 8.30 ന് നാടൻ പാട്ട്. 27 ന് വൈകിട്ട് 5 ന് കാഴ്ചശ്രീബലി. രാത്രി 8.30 ന് താലപ്പൊലി എഴുന്നെള്ളിപ്പ്. 10. ന് പള്ളിവേട്ട, 28 ന് പുലർച്ചെ 1 ന് താലപ്പൊലി സമർപ്പണം.

### ചതയദിന അന്നദാനം

തിരുവനന്തപുരം : എസ്.എൻ.ഡി.പി യോഗം പത്രാധിപർ കെ. സുകുമാരൻ സ്മാരക തിരുവനന്തപുരം യൂണിയന്റെ ചതയദിന അന്നദാന ഫണ്ടിലേക്ക് ആനയറ, കിളികുന്നത്ത് വീട്ടിൽ സരോജിനിയുടെ 31-ാം ചരമദിനത്തോടനുബന്ധിച്ച് മകൻ എസ്. ശശികുമാർ 3000 രൂപ സംഭാവന നൽകിയതായി യൂണിയൻ സെക്രട്ടറി ആലുവിള അജിത്ത് അറിയിച്ചു.

### ബി.എസ്.എസ് കാവ്യസദസ്

തിരുവനന്തപുരം: ഭാരത് സേവക് സമാജിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സംസ്കാര ഭാരതം കാവ്യസദസിന്റെ പ്രതിമാസ പരിപാടി കവടിയാർ സദ്ഭാവനാ അങ്കണത്തിൽ നടത്തി. ബി.എസ്.എസ് ദേശീയ ചെയർമാൻ ബി.എസ്.ബാലചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. കാരയിൽ സുകുമാരൻ ഉദ്ഘാടനം ചെയ്തു. സദാശിവൻ പൂത്തൂരിന്റെ നേതൃത്വത്തിലുള്ള ഇരുപത്തിയഞ്ചോളം കവികൾ കവിതകൾ അവതരിപ്പിച്ചു. മുക്കുട് ഗോപാലകൃഷ്ണൻ, കേശിനി കൃഷ്ണൻ, തിരുമല ശിവൻകുട്ടി, ഇറയംകോട് വിക്രമൻ എന്നിവർ പ്രസംഗിച്ചു. സിന്ധു മധു സ്വാഗതവും ടി.പി.വിനോദ് നന്ദിയും പറഞ്ഞു.

### ലോക മാതൃഭാഷാ ദിനാഘോഷം ഇന്ന്

തിരുവനന്തപുരം: ലോക മാതൃഭാഷാ ദിനാഘോഷവും ജില്ലയിലെ ഉദ്യോഗസ്ഥർക്കായുള്ള ഭരണഭാഷാ അവബോധ പരിപാടിയും ഇന്ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. സമ്മേളനം വൈകിട്ട് അഞ്ചിന് മന്ത്രി എ.കെ. ബാലൻ ഉദ്ഘാടനം ചെയ്യും. രാവിലെ 10.30 മുതൽ പ്രഭാഷണം, ക്ലാസുകൾ തുടങ്ങിയവ നടക്കും.

### പരിഷത് ശാസ്ത്രകലാജാഥ ഇന്ന്

തിരുവനന്തപുരം: കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സംസ്ഥാനതല ശാസ്ത്രകലാജാഥയുടെ ജില്ലാപര്യടനം ഇന്നാരംഭിക്കും. വൈകിട്ട് 6ന് വേങ്ങോട് ജംഗ്ഷനിൽ കഥാകൃത്ത് അശോകൻ ചരുവിൽ ഉദ്ഘാടനം ചെയ്യും. പരിഷത്ത് ജില്ലാ പ്രസിഡന്റ് ബി.പ്രഭാകരൻ അദ്ധ്യക്ഷത വഹിക്കും. മുൻ ജില്ലാപഞ്ചായത്തംഗം ജി.സതീശൻ നായർ, വേങ്ങോട് പഞ്ചായത്തംഗം എ.പത്മിനി, തോന്നയ്ക്കൽ സാംസ്കാരികസമിതി പ്രസിഡന്റ് ആർ.വേണുനാഥ്, കൺവീനർ വി. രാജേന്ദ്രൻ, ജില്ലാസെക്രട്ടറി എസ്. ജയകുമാർ, എൻ.ഹരികുമാർ, ഉമതൃദീപ്, സിതാര തുടങ്ങിയവർ സംസാരിക്കും.

### ആറ്റുകാലിൽ മെഗാ മെഡിക്കൽ ക്യാമ്പ്

തിരുവനന്തപുരം: ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ആരോഗ്യ വകുപ്പ്, ആരോഗ്യ കേരളം, ആയുഷ് വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. വിപുലമായ ഒരുക്കങ്ങളാണ് ആരോഗ്യ വകുപ്പും ഭക്ഷ്യ സുരക്ഷാ വകുപ്പും നടത്തിയത്. 13 മെഡിക്കൽ ക്യാമ്പുകളും 12 ഹെൽത്ത് സെന്ററുകളുമാണ് ആറ്റുകാലിലും സമീപ സ്ഥലങ്ങളിലുമായി പ്രവർത്തനസജ്ജമാക്കിയത്. 2 ഡോക്ടർമാർ, 2 നഴ്സുമാർ, 2 പാരാമെഡിക്കൽ ജീവനക്കാർ എന്നിവർ ഓരോ ക്യാമ്പിലുമുണ്ടായിരുന്നു. ഇതുകൂടാതെ ലാബ് സൗകര്യവും 20 ആംബുലൻസുകളും തയ്യാറാക്കിയിരുന്നു.

# നഗരം ക്ലീനാക്കി നഗരസഭ...

■നഗരവീഥികൾ വൃത്തിയാക്കാൻ കൃത്രിമ മഴ ■ മാലിന്യം നീക്കിയത് 3383 തൊഴിലാളികൾ, 60 വാഹനങ്ങൾ

◗സുജിലാൽ

തിരുവനന്തപുരം : ആറ്റുകാലമ്മയ്ക്ക് പൊങ്കാല അർപ്പിച്ച് ഭക്തജനങ്ങൾ മടങ്ങി മണിക്കൂറുകൾക്കകം നഗരം വൃത്തിയാക്കി നഗരസഭ കൈയടി നേടി.

മാലിന്യം നീക്കാൻ കോർപറേഷൻ ജീവനക്കാരും സന്നദ്ധ സംഘടനകളും ഒത്തുചേർന്നതോടെ ഇന്നലെ വൈകിട്ട് ആറിന് മുമ്പ് നഗരം ക്ലീൻ. പൊങ്കാല അടുപ്പുകളിലെ തീയേറ്റ് കരിയും പുകയും പടിച്ച നഗരവീഥികൾ കഴുകിവൃത്തിയാക്കാൻ തരംഗിണിയുടെ സിനിമാമഴയും പെയ്തിറങ്ങിയതോടെ നഗരം വെടിപ്പായി.

നിവേദ്യം കഴിഞ്ഞ് ഭക്തരുടെ മടക്കം ആരംഭിച്ച ഉടൻ നഗരസഭ ജീവനക്കാർ നഗരവീഥികളിലിറങ്ങി. ചൂലും കുട്ടയും വാഹനങ്ങളുമായി അണിനിരന്ന ജീവനക്കാർ ആത്മസമർപ്പണത്തോടെ പ്രവർത്തിച്ചാണ് ഏഴ് മണിക്കൂർ കൊണ്ട് നഗരം ശുചീകരിച്ചത്. 3383 ശുചീകരണ തൊഴിലാളികളാണ് മാലിന്യനീക്കത്തിനായി ഇറങ്ങിയത്.

65 ടണ്ണിലേറെ ചപ്പുചവറുകൾ ഉണ്ടാകുമെന്നാണ് നഗരസഭയുടെ കണക്കുകൂട്ടൽ. പ്രധാന റോഡുകളായ സ്റ്റാച്യു, കിഴക്കേകോട്ട, കരമന, പാളയം തുടങ്ങിയ സ്ഥലങ്ങളും പിന്നാലെ ഇടറോഡുകളും ഉൾപ്പെടെ വൃത്തിയാക്കി. 40 വാട്ടർ ടാങ്കറുകളിൽ വെള്ളം നിറച്ചു ഉയർത്തി ചീറ്റി കൃത്രിമ മഴയും പെയ്യിച്ചു.




*ആറ്റുകാൽ പൊങ്കാലയ്ക്ക് ശേഷം നഗരസഭയുടെ നേതൃത്വത്തിൽ നഗരത്തിൽ കൃത്രിമ മഴ പെയ്യിച്ചപ്പോൾ*

സ്റ്റാച്യു, കിഴക്കേകോട്ട, ആറ്റുകാൽ, മണക്കാട്, പാളയം, നന്ദാവനം, പട്ടം തുടങ്ങി പ്രധാന നഗരവീഥികളിൽ മഴ പെയിച്ച് അവശേഷിച്ച പൊങ്കാല മാലിന്യങ്ങൾ കഴുകി നീക്കി.

തരംഗിണി സ്റ്റുഡിയോയിലെ സിനിമാ സെറ്റുകളിൽ ഉപയോഗിക്കുന്ന മഴ പെയ്യിക്കുന്ന സംവിധാനം ഉപയോഗിച്ചാണ് നഗരം കഴുകിവൃത്തിയാക്കിയത്. മാലിന്യം നീക്കം ചെയ്യാൻ 60 ലോറി, 25 പിക്കപ്പ് ആട്ടോ എന്നിവയും ഉണ്ടായിരുന്നു. 1133 സ്ഥിരം ജീവനക്കാരും 2250 താത്കാലിക ജീവനക്കാരും ഉൾപ്പെടെ 3383 പേരാണ് ഇതിനായി രംഗത്തിറങ്ങിയത്.

ഹെൽത്ത് ഓഫീസറാണ് ശുചീകരണ പ്രവർത്തനങ്ങൾ നിയന്ത്രിച്ചത്. രാത്രി 10 ഓടെ നഗരം പൂർണമായും ശുചീകരിച്ചു.



*കൃത്രിമ മഴ പെയ്യിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്ത ശേഷം മന്ത്രി കടകംപള്ളി സുരേന്ദ്രൻ മടങ്ങുന്നു, നഗരസഭാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എസ്. പുഷ്പലത സമീപം*

### വീടൊരുക്കാനായി കല്ലുകൾ ശേഖരിച്ചു

പൊങ്കാല കഴിഞ്ഞ് നഗരം ക്ലീനാക്കുമ്പോൾ തന്നെ അടുപ്പുകൂട്ടിയ കല്ലുകൾ ജീവനക്കാർ അവിടവിടെയായി അടുക്കി സൂക്ഷിച്ചു. തൊട്ടുപിന്നാലെ കല്ലുകൾ ശേഖരിക്കാനായി നഗരസഭ നിയോഗിച്ച പ്രത്യേക ടീമെത്തി ഇവ ശേഖരിച്ചുകൊണ്ടുപോയി. 250 പേരെയാണ് ഇതിനായി നിയോഗിച്ചിരുന്നത്.

ശേഖരിച്ച കല്ലുകൾ നഗരത്തിലെ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ കൂട്ടിവച്ചു. ഏകദേശം 1.25 ലക്ഷം ചുടുകട്ടകൾ ശേഖരിച്ചു.

കല്ലുകൾ കേന്ദ്ര, സംസ്ഥാന ഭവനനിർമ്മാണ പദ്ധതികളുടെഭാഗമായി വീടുവയ്ക്കുന്ന ദരിദ്രർക്ക് നൽകാനായാണ് പദ്ധതിയുള്ളത്. കൗൺസിലർമാരുടെ സഹായത്തോടെ കണ്ടെത്തുന്ന ദരിദ്രർക്ക് വീട്ടു വയ്ക്കാനായി ഇവ പിന്നീട് സൗജന്യമായി നൽകും.

## ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കാൻ സഹകരിച്ചവർക്ക് മേയറുടെ നന്ദി

തിരുവനന്തപുരം : ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് പൊങ്കാല അർപ്പിക്കണമെന്ന നഗരസഭയുടെയും ജില്ലാ ഭരണകൂടത്തിന്റെയും നിർദ്ദേശം പൂർണമായി ഏറ്റെടുത്ത എല്ലാവർക്കും മേയർ വി.കെ. പ്രശാന്ത് നന്ദി അറിയിച്ചു.

സ്റ്റീൽ പാത്രങ്ങളും ഗ്ലാസുകളും മാത്രമേ ഉപയോഗിക്കാവൂ എന്ന നിർദ്ദേശത്തിന് നല്ല പ്രതികരണമാണ് ഉണ്ടായത്. ശുചീകരണ പ്രവർത്തനങ്ങൾക്കും ഭക്ഷ്യസുരക്ഷ പ്രവർത്തനങ്ങൾക്കും നഗരസഭ ഹെൽത്ത് വിഭാഗം ജീവനക്കാരാണ് മേൽനോട്ടം വഹിച്ചത്.

അന്നദാനം, കുടിവെള്ള വിതരണം എന്നിവയ്ക്കായി നഗരസഭയിൽ 119 ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്തിരുന്നു. ഗ്രീൻ പ്രോട്ടോക്കോൾ പൂർണമായി നടപ്പാക്കിയവർക്ക് അവാർഡ് നൽകും. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ സംഘടനകൾക്കും വ്യക്തികൾക്കും ഫൈൻ ഈടാക്കും.

ഫ്ലക്സ് ബോർഡുകളും പ്ലാസ്റ്റിക് പ്രചാരണ ഉപാധികളും ഉപയോഗിച്ചവർക്കെതിരെയും കർശന നടപടി സ്വീകരിക്കുമെന്നും മേയർ പറഞ്ഞു.

## കുത്തിയോട്ട ഘോഷയാത്ര ഭക്തിനിർഭരം

തിരുവനന്തപുരം : ആയിരത്തിയെട്ട് നമസ്കാരം പൂർത്തിയാക്കിയ കുത്തിയോട്ട ബാലന്മാർ ചൂരൽ കുത്തി ദേവിക്ക് അകമ്പടി സേവിച്ച് തിരികെ ക്ഷേത്ര സന്നിധിയിലെത്തിയതോടെ ആറ്റുകാൽ ദേവീ ക്ഷേത്രത്തിലെ കുത്തിയോട്ട നേർച്ചയ്ക്ക് സമാപനമായി.

ഇന്നലെ രാത്രി ഏഴരയോടെ ബാലന്മാരെ ഒരുക്കി തലയിൽ കിന്നരിവച്ച കിരീടവും, കഴുത്തിൽ മണിമാലയും, കൈയിൽ മട്ടവും കാപ്പും ധരിപ്പിച്ച ശേഷം ദേഹമാസകലം കളഭം പൂശി തറ്റുടുപ്പിച്ച് ഓട്ട ഘോഷയാത്രയ്ക്ക് തയ്യാറാക്കി. പിന്നീട് ശ്രീകോവിലിന് മുന്നിലെത്തിച്ച ബാലന്മാരെ ഇരുകൈകളും ശിരസിനു മുകളിൽ ചേർത്തു പിടിച്ച് കുട്ടികളുടെ അരയിൽ വെള്ളി കൊണ്ടു നിർമ്മിച്ച നൂൽ തൊലിക്കുള്ളിൽ കൂടി കൊരുത്തു കെട്ടി.

വായ്ക്കുരവകളും വാദ്യമേളങ്ങളും ശരണമന്ത്രങ്ങളും ശബ്ദമുഖരിതമായ അന്തരീക്ഷത്തിൽ നടന്ന ചൂരൽ മുറിയൽ ചടങ്ങിന് ശേഷം വെഞ്ചാമരം വീശിയും പനിനീർ തളിച്ചും ഘോഷയാത്രയായി മണക്കാട് ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലെത്തി. തുടർന്ന് ലോഹനൂൽ ഊരിയെടുത്ത് ഭഗവതിക്ക് സമർപ്പിച്ചതോടെ കുത്തിയോട്ടം സമാപിച്ചു. പിന്നീട് കുത്തിയോട്ടക്കാർ ദേവിക്ക് മുന്നിലെത്തി തൊഴുത് നമസ്കരിച്ചു. 813 ബാലന്മാരാണ് കുത്തിയോട്ട വ്രതമെടുത്ത് ചടങ്ങുകളിൽ പങ്കെടുത്തത്. രാത്രി പന്ത്രണ്ടരയോടെയാണ് ചടങ്ങുകൾ പൂർത്തിയായത്.

### താലപ്പൊലിയുമായി ബാലികമാർ

തിരുവനന്തപുരം: പൊങ്കാല ദിനത്തിൽ ആറ്റുകാൽ ക്ഷേത്രത്തിലേക്ക് നൂറുകണക്കിന് താലപ്പൊലികളാണ് എത്തിച്ചേർന്നത്. ഓരോ മിനിട്ടിലുമെത്തുന്ന താലപ്പൊലിയിൽ നൂറുകണക്കിനു ബാലികമാർ അണിനിരന്നു. വ്രതശുദ്ധിയോടുകൂടി കുളിച്ചു പുതിയ വസ്ത്രങ്ങൾ അണിഞ്ഞു മാതാപിതാക്കൾക്കും ബന്ധുക്കൾക്കുമൊപ്പം എത്തിച്ചേർന്ന ഇവർ താലമെടുത്താണ് ക്ഷേത്രത്തിലേക്കു പുറപ്പെടുന്നത്. വാദ്യമേളങ്ങളുടെ അകമ്പടിയിൽ ക്ഷേത്രസന്നിധിയിലേക്കെത്തി ദേവിക്കു മുന്നിൽ സർവൈശ്വര്യത്തിനായും രോഗബാധ അകറ്റാനും, സമ്പത്തും സൗന്ദര്യവും വർദ്ധിക്കാനും, ഭാവിയിൽ നല്ലൊരു വിവാഹ ജീവിതത്തിനായുമാണ് പെൺകുട്ടികൾ പ്രധാനമായും താലപ്പൊലി എടുക്കുന്നത്.

ഒരു താലത്തിൽ ദീപം കത്തിച്ച്, ചുറ്റും കമുകിൻപൂക്കുല, പൂക്കൾ, അരി എന്നിവ നിറച്ച് തലയിൽ പൂക്കൾ കൊണ്ട് കിരീടവും അണിഞ്ഞാണ് താലപ്പൊലി എടുക്കുന്നത്. ഇന്നലെ പുലർച്ചെ മൂന്ന് മണിയോടെ ആരംഭിച്ച താലപ്പൊലി വരവ് വൈകിട്ട് നാലു മണിവരെ നീണ്ടു.

## പൊലീസ് ആസ്ഥാനത്ത് സന്ദർശകരെ വരവേൽക്കാൻ റോബോട്ട്

തിരുവനന്തപുരം: പൊലീസ് ആസ്ഥാനത്ത് ഇനി സന്ദർശകരെ റോബോട്ട് സ്വാഗതം ചെയ്യും. സന്ദർശകർ ആവശ്യങ്ങൾ അറിയിച്ചാൽ അവരെ ബന്ധപ്പെട്ട സെക്ഷനുകളിലേക്ക് നയിക്കാൻ കഴിവുള്ള റോബോട്ടിനെയാണ് പൊലീസ് ആസ്ഥാനത്ത് തയ്യാറാക്കിയിരിക്കുന്നത്.

വനിതാ എസ്.ഐയുടെ മാതൃകയിലുള്ള റോബോട്ടിന്റെ ഉദ്ഘാടനം കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ഡി.ജി.പി ലോക്നാഥ് ബെഹ്റയും മറ്റ് ഉന്നത ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു. സന്ദർശകർക്ക് നേരിട്ട് ചോദ്യങ്ങൾ ചോദിച്ചും ഈ സംവിധാനത്തിൽ ലഭ്യമാക്കിയിരിക്കുന്ന സ്ക്രീനിന്റെ സഹായത്താലും വിവരങ്ങൾ മനസിലാക്കാം. സന്ദർശകർക്ക് തിരിച്ചറിയൽ കാർഡ് നൽകാനും ഉദ്യോഗസ്ഥരെ കാണുന്നതിന് സമയം നിശ്ചയിച്ച് നൽകാനും റോബോട്ടിന് കഴിയും. സന്ദർശകർ നൽകുന്ന പരാതിയുടെ അടിസ്ഥാനത്തിൽ കേസ് ഫയൽ ആരംഭിക്കാനും സൗകര്യമുണ്ട്.

ഉന്നത ഉദ്യോഗസ്ഥരെ തിരിച്ചറിഞ്ഞ് റോബോട്ട് സല്യൂട്ടും നൽകും. കൊച്ചിയിലെ സ്റ്റാർട്ടപ്പ് സംരംഭമായ അസിമോവ് റോബോട്ടിക്സ് എന്ന സ്ഥാപനവുമായി ചേർന്നാണ് പൊലീസ് സൈബർ ഡോം ഈ സംവിധാനം വികസിപ്പിച്ചത്.



*ശ്രീ പണിമൂല ദേവീക്ഷേത്രത്തിലെ പ്രതിഷ്ഠാവാർഷിക പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് ഇന്നലെ നടന്ന സമൂഹ പൊങ്കാലയ്ക്ക് തുടക്കം കുറിച്ചുകൊണ്ട് ക്ഷേത്രം മേൽശാന്തി കൊച്ചുമഠം കെ. കൃഷ്ണപ്രസാദ് പണ്ടാര അടുപ്പിൽ അഗ്നി ജ്വലിപ്പിച്ച് പൊങ്കാലക്കലത്തിലേക്ക് ദ്രവ്യങ്ങൾ പകരുന്നു. ശബരിമല ക്ഷേത്രം തന്ത്രി താഴമൺമഠം കണ്ഠരര് രാജീവരര്, പണിമൂല ദേവീക്ഷേത്ര ട്രസ്റ്റ് ജനറൽ സെക്രട്ടറി ആർ. ശിവൻകുട്ടിനായർ, ട്രസ്റ്റ് പ്രസിഡന്റ് സി. ഗോപീമോഹൻനായർ, ട്രഷറർ എ. രവീന്ദ്രൻനായർ, വൈസ് പ്രസിഡന്റുമാരായ നാരായണൻനായർ, എം. അയ്യപ്പൻനായർ, ജോയിന്റ് സെക്രട്ടറിമാരായ കെ. വിജയകുമാർ, ഡി. ദിലീപ്കുമാർ, ജനറൽ കൺവീനർ കെ. ശ്രീകണ്ഠൻനായർ, സുധൻ എസ്. നായർ, പണിമൂല ചന്ദ്രൻ, പണിമൂല അജിത്ത് തുടങ്ങിയവർ സമീപം*

## ആർ.സി.സിയിൽ പുതിയ ഏഴ് ഫാർമസി കൗണ്ടറുകൾ

തിരുവനന്തപുരം: കാൻസർരോഗികളുടെ അത്താണിയായ റീജിയണൽ കാൻസർ സെന്ററിൽ (ആർ.സി.സി) ആരംഭിച്ച പുതിയ ഏഴ് ഫാർമസി കൗണ്ടറുകളുടെ ഉദ്ഘാടനം മന്ത്രി കെ.കെ. ശൈലജ നിർവഹിച്ചു.

20 വർഷത്തിന് ശേഷമാണ് ആർ.സി.സിയിൽ പുതിയ ഫാർമസി കൗണ്ടർ തുറക്കുന്നത്. പുതിയ ബ്ലോക്കിൽ ആറാം നിലയിൽ കീമോതെറാപ്പി വാർഡിന് സമീപം രണ്ട് കൗണ്ടറുകളും മൂന്നാം നിലയിൽ അഞ്ച് കൗണ്ടറുകളുമാണ് ഉദ്ഘാടനം ചെയ്തത്.

ആർ.സി.സിയിലെത്തുന്ന രോഗികളുടെ ദുരിത ജീവിതത്തെക്കുറിച്ച് 2016 ഡിസംബർ 6ന് 'കീമോ തെറാപ്പിക്കെത്തുന്ന രോഗിയുടെ ദുരിത ദിനങ്ങളിൽ ഒന്ന്' എന്ന തലക്കെട്ടിൽ കേരളകൗമുദിയിൽ പ്രസിദ്ധീകരിച്ച വാർത്തയാണ് പുതിയ കൗണ്ടറുകൾ തുറക്കുന്നതിലേക്ക് വഴിവച്ചത്.

പുതിയ കൗണ്ടറുകൾ രാവിലെ 9 മുതൽ വൈകിട്ട് 4.30 വരെ പ്രവർത്തിക്കും. പഴയ മൂന്ന് കൗണ്ടറുകളും ഇനി മുതൽ 24 മണിക്കൂറും പ്രവർത്തിക്കും.

## ശാന്തിഗിരി പൂജിതപീഠം സമർപ്പണ വാർഷികം നാളെ

പോത്തൻകോട്: ശാന്തിഗിരി ആശ്രമത്തിലെ പൂജിതപീഠം സമർപ്പണ വാർഷികം നാളെ നടക്കും. രാവിലെ 5ന് നടക്കുന്ന പ്രത്യേക പുഷ്പാഞ്ജലിക്കും താമരപർണശാലയിലെ പുഷ്പസമർപ്പണത്തിനും ശേഷം 6ന് നടക്കുന്ന ധ്വജാരോഹണത്തോടെ ആഘോഷങ്ങൾക്ക് തുടക്കമാകും.

രാവിലെ 11ന് നടക്കുന്ന പൂജിത സമർപ്പണസമ്മേളനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. സി. ദിവാകരൻ എം.എൽ.എ അദ്ധ്യക്ഷത വഹിക്കും. ശ്രീലങ്കൻ പാർലമെന്റ് അംഗം സുശാന്ത പുഞ്ചനിലമെ, പ്രൊവിൻഷ്യൽ കൗൺസിൽ അംഗം കിത്സിരി കഹത്തപിത്തിയ, ജപ്പാനിലെ ഡോ. റൊസെല്ലാ കമ്പനി ഡയറക്ടർ തോമോയൂക്കി തകേദ എന്നിവർ വിശിഷ്ടാതിഥികളായിരിക്കും. സ്വാമി ചൈതന്യ ജ്ഞാനതപസ്വി, സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ കോലിയക്കോട് കൃഷ്ണൻ നായർ, മുൻ എം.എൽ.എമാരായ പാലോട് രവി, അഡ്വ. എം.എ. വാഹിദ്, ചലച്ചിത്ര സംവിധായകരായ വി.എ. ശ്രീകുമാർ മേനോൻ, രാജീവ് അഞ്ചൽ, കെ. മധുപാൽ, ഛായാഗ്രാഹകൻ എസ്. കുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ കെ.പി. ചന്ദ്രൻ, ഷാനിബ ബീഗം, മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുജാത, ജില്ലാ പഞ്ചായത്തംഗങ്ങളായ വൈ.വി. ശോഭകുമാർ, എസ്. രാധാദേവി, ബി.ജെ.പി ജില്ലാ സെക്രട്ടറി എം. ബാലമുരളി, കേരള കോൺഗ്രസ് (എം) ജില്ലാ സെക്രട്ടറി ഷോഫി.എം തുടങ്ങിയവർ പങ്കെടുക്കും. ഉച്ചയ്ക്ക് 12ന് ഗുരുപൂജ, ഗുരുപാദ വന്ദനം, വിവിധ സമർപ്പണങ്ങൾ എന്നിവ നടക്കും. വൈകിട്ട് 5ന് യജ്ഞശാലയിൽ നിന്നാരംഭിക്കുന്ന കുംഭമേള ഘോഷയാത്ര ആശ്രമസമുച്ചയം വലംവച്ച് ഗുരു പാദങ്ങളിൽ സമർപ്പിക്കും. രാത്രി 9 മുതൽ വിവിധ കലാപരിപാടികൾ നടക്കും. 23ന് നടക്കുന്ന യൂത്ത് സമ്മിറ്റ്, യു.കെ കോവെൻട്രി സർവകലാശാല അസോസിയേറ്റ് പ്രോ വൈസ് ചാൻസലർ ആൻഡ്രൂ ടർണർ ഉദ്ഘാടനം ചെയ്യും. കൊച്ചിൻ നേവി സ്റ്റേഷൻ കമാൻഡർ ജി. പ്രകാശ് മുഖ്യപ്രഭാഷണം നടത്തും. കോഴിക്കോട് മുൻ ജില്ലാ കളക്ടർ പ്രശാന്ത്നായർ, ഐ.ജി പി. വിജയൻ, മിഡിൽ ഈസ്റ്റ് കോളേജ് ഡീൻ ഡോ. ജി.ആർ. കിരൺ തുടങ്ങിയവർ പങ്കെടുക്കും.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ്: 3,5, 10

## ജനറൽ ആശുപത്രിയിൽ ജലവിതരണം മുടങ്ങി, രോഗികൾ ദുരിതത്തിൽ

തിരുവനന്തപുരം: ജനറൽ ആശുപത്രിയിൽ ജലവിതരണം മുടങ്ങിയതോടെ രോഗികളും കൂട്ടിരുപ്പുകാരും നെട്ടോട്ടമോടുന്നു. പുറമേ നിന്നും കുപ്പിവെള്ളം വാങ്ങിക്കൊണ്ടു വന്നാണ് പ്രാഥമിക ആവശ്യങ്ങൾ പോലും നിറവേറ്റുന്നത്. ആശുപത്രി അധികൃതരോട് പരാതി പറഞ്ഞിട്ടും നടപടിയില്ല. പൊങ്കാല ദിവസമായ ഇന്നലെ മിക്ക കടകളും അവധിയായതിനാൽ കുപ്പിവെള്ളം പോലും കിട്ടാത്ത സ്ഥിതിയായിരുന്നു. വെള്ളം എത്തിക്കാത്തതിനെച്ചൊല്ലി ആശുപത്രി ജീവനക്കാരുമായി രോഗികളും കൂട്ടിരുപ്പുകാരും തർക്കമുണ്ടായി. ആശുപത്രിയിൽ വെള്ളം എത്തിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്നാണ് രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും ആവശ്യം.

## മാലിന്യം കത്തിക്കുന്നതിനിടെ തീപിടിത്തം

തിരുവനന്തപുരം: നഗരത്തിലെ ആളൊഴിഞ്ഞ പറമ്പുകളിൽ മാലിന്യം കത്തിക്കാൻ ശ്രമിച്ചത് തീപിടിത്തത്തിന് കാരണമായി. ഇന്നലെ വൈകിട്ടോടെയാണ് സംഭവം.

ഒടുവിൽ ഫയർഫോഴ്സ് എത്തിയാണ് തീകെടുത്തിയത്. വഞ്ചിയൂർ മഹാറാണി ബിൽഡിംഗിന് സമീപത്തെ ആളൊഴിഞ്ഞ പറമ്പിൽ സൂക്ഷിപ്പുകാരൻ തീയിട്ടത് നിയന്ത്രണാതീതമായി.

സമീപത്തെ യു.കെ ഇലക്ട്രിക്കൽസിന്റെ ഗോഡൗണിനടുത്തേക്ക് തീ പടർന്നെങ്കിലും ഫയർഫോഴ്സ് സംഘമെത്തി തീ അണയ്ക്കുകയായിരുന്നു. ഊളൻപാറയിലെ മഹാരാജ ഗാർഡൻസിൽ ആളൊഴിഞ്ഞ പറമ്പിലും തീപിടിത്തമുണ്ടായി. വലിയശാല മഹാദേവ ക്ഷേത്രത്തിൽ ഇലക്ട്രിക് പോസ്റ്റിലും തീപിടിച്ചു. ചെന്തിട്ടയിൽ കോർപ്പറേഷന്റെ ലോറിയിൽ കൊണ്ടുപോയ വേസ്റ്റിലും തീപിടിച്ചു. കത്തിയതിന്റെ അവശിഷ്ടങ്ങളിൽ നിന്നാണ് തീപടർന്നത്.

### വൈകിയെത്തിയ വിദ്യാർത്ഥികളെ ഹോസ്റ്റലിൽ കയറ്റിയില്ലെന്ന് ആരോപണം

# ഗവ. എൻജിനീയറിംഗ് കോളേജിൽ വനിതാഹോസ്റ്റലിലെ വിദ്യാർത്ഥികളുടെ അനിശ്ചിതകാല സമരം

ശ്രീകാര്യം: വനിത ഹോസ്റ്റലിൽ കയറേണ്ട സമയം രാത്രി 9.30 ആക്കണമെന്ന് ആവശ്യപ്പെട്ട് തിരുവനന്തപുരം ഗവ. എൻജിനീയറിംഗ് കോളേജിന് മുന്നിൽ വനിത ഹോസ്റ്റലിലെ വിദ്യാർത്ഥികൾ അനിശ്ചിതകാലസമരം ആരംഭിച്ചു. ഇന്നലെ രാത്രി 10ഓടെയാണ് സമരം ആരംഭിച്ചത്.

നിലവിൽ വിദ്യാർത്ഥികൾ ഹോസ്റ്റലിൽ കയറേണ്ട സമയം 6.30ആണ്. ഇന്നലെ ലൈബ്രറിയിൽ പോയി 9ന് എത്തിയവരെ ഹോസ്റ്റൽ വാർഡൻ അകത്തേക്ക് പ്രവേശിക്കാൻ അനുവദിച്ചില്ല. വൈകിയതിന്റെ കാരണം എഴുതിനൽകണമെന്ന് വാർഡൻ ആവശ്യപ്പെട്ടെന്നുമാണ് ഇവരുടെ പരാതി. കോളേജിലെ ആസാദി മൂവ്മെന്റിന്റെ അഭിമുഖ്യത്തിലാണ് വിദ്യാർത്ഥികളുടെ സമരം. നാല് വർഷം മുമ്പും ഇതേ ആവശ്യം ഉന്നയിച്ച് വിദ്യാർത്ഥികൾ രാപ്പകൽ അനിശ്ചിതകാല സമരം നടത്തിയിരുന്നു.



*ഗവ. എൻജിനീയറിംഗ് കോളേജിന് മുന്നിൽ വിദ്യാർത്ഥിനികൾ സമരം ആരംഭിച്ചപ്പോൾ*

കോളേജിലെ ക്ലാസ് സമയം കഴിഞ്ഞ് വൈകിട്ടാണ് വിദ്യാർത്ഥികൾ കോച്ചിംഗ് ക്ലാസുകളിലും ലൈബ്രറികളിലും പോകുന്നത്. ഇക്കാരണത്താൽ വൈകി ഹോസ്റ്റലിലെത്തുന്ന വിദ്യാർത്ഥിനികളെ ഹോസ്റ്റൽ വാർഡൻ പുറത്ത് നിറുത്തുന്നത് പതിവാണെന്നാണ് ഇവരുടെ പരാതി. പുരുഷ ഹോസ്റ്റലിൽ രാത്രി കയറേണ്ട സമയം 9.30ആണ്. തങ്ങൾക്കും അതേ സമയം അനുവദിക്കണമെന്നും ഇവർ ആവശ്യപ്പെട്ടു. സ്ഥലത്ത് ശ്രീകാര്യം എസ്.ഐ സനോജിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘമെത്തി. കോളേജിന് മാത്രമായി തീരുമാനം എടുക്കാൻ കഴിയില്ലെന്നും സമയ ഏകീകരണം സംബന്ധിച്ച് സർക്കാർ തീരുമാനം വേണമെന്നും കോളേജ് പ്രിൻസിപ്പൽ ഡോ. ജിജി പറഞ്ഞു.